LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത് രണ്ട് ഘട്ടമായാണ് കൊടുക്കുന്നത്. 122 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേന്ദ്രവിഹിതമായി 23.3 കോടി രൂപയും സംസ്ഥാന വിഹിതമായി 5.98 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. രണ്ടാം ഗഡുവായി 83 കോടി രൂപ 24-9-2014-ൽ കേന്ദ്രത്തിൽനിന്നു ലഭിച്ചു. 11-12-2014-ൽ 82 കോടി രൂപ വിതരണം ചെയ്യുന്നതിന് കൈത്തറി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്ന് തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ പാക്കേജിൽ ഉൾപ്പെട്ട മുഴുവൻ സംഘങ്ങൾക്കും പാക്കേജനുസരിച്ചുള്ള തുക വിതരണം ചെയ്യുന്നതാണ്.

(6) പ്രത്യേക പാക്കേജ്

ശ്രീ. ജോസഫ് വാഴക്കൻ: സർ, അവയവങ്ങൾക്ക് ഗുരുതരമായ രോഗം ബാധിച്ച് അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്കും ഡോണർമാർക്കും ശസ്ത്രക്രിയയ്ക്കും തുടർചികിത്സയ്ക്കുമായി വളരെയധികം തുക ചെലവാകുന്ന സാഹചര്യത്തിൽ ഇവർക്കായി കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്ന് പ്രത്യേക പാക്കേജായി തുക അനുവദിക്കണമെന്നാണ് ഈ സബ്മിഷൻ മുഖേന ഞാൻ അഭ്യർത്ഥിക്കുന്നത്. കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുമായി ഏകദേശം അമ്പത് ലക്ഷം രൂപയോളം ചെലവാകുന്നുണ്ട്. ഇവർക്ക് ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും കാരുണ്യ പദ്ധതിവഴിയും ഗവൺമെന്റിൽനിന്നും അനുവദിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ ഡോണർമാർക്കും സൗജന്യ നിരക്കിൽ മരുന്ന് ലഭ്യമാക്കണമെന്നും ഇവരുടെ ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുംവേണ്ടി മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രത്യേകമായ പാനൽ രൂപീകരിച്ച് ഇവരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ശസ്ത്രക്രിയയ്ക്കും തുടർചികിത്സയ്ക്കുമായി ഏകദേശം 20 ലക്ഷത്തോളം രൂപ ചെലവാകുന്നുണ്ട്. ഇവർക്കും ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അനുവദിക്കാനുള്ള തീരുമാനം ഉണ്ടാകണം. കരൾമാറ്റ ശസ്ത്രക്രിയരംഗത്ത് കേരളത്തിന്റെ ഇപ്പോഴത്തെ സ്ഥിതി സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ആശാവഹമല്ല. ഏറ്റവും പ്രധാനം ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. അമൃത, ലേക്ക്ഷോർ, മെഡിക്കൽ ട്രസ്റ്റ്, നിംസ്, കിംസ് തുടങ്ങിയ വലിയ പണച്ചെലവുള്ള സ്വകാര്യ ആശുപത്രികളിൽ മാത്രമാണ് നിലവിൽ ശസ്ത്രക്രിയ സംവിധാനമുള്ളത്. പ്രത്യേക ഉത്തരവ് വഴി മാത്രമേ ഇത്തരം ആശുപത്രികളിൽ

ചികിത്സയ്ക്ക് എത്തുന്നവർക്ക് കാരുണ്യ പദ്ധതിയിൽനിന്ന് സഹായം ലഭിക്കുന്നുള്ളൂ. സ്വകാര്യ ആശുപത്രികളിൽനിന്നും ചികിത്സാ ചെലവിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയൊന്നും ലഭിക്കാറുമില്ല. പല ശസ്ത്രക്രിയകൾക്കും സംഘടനകളും നാട്ടുകാരും ചേർന്നാണ് ചികിത്സയ്ക്കാവശ്യമായ തുക സംഭരിക്കുന്നത്. സർക്കാർ ആശുപത്രികളിൽ അടിയന്തരമായി കരൾമാറ്റശസ്ത്രക്രിയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗം. കാരുണ്യ ബെനവലന്റ് ഫണ്ട് ലഭ്യമാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികളുമായി കരാർ ഉണ്ടാക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് ഈ സബ്മിഷൻ മുഖേന അഭ്യർത്ഥിക്കാനുള്ളത്. സർക്കാരിന് നിരവധി കാര്യങ്ങൾ ചെയ്യാനുണ്ട്. അത്തരം കാര്യങ്ങളെക്കുറിച്ചുകൂടി വളരെ ഗൗരവമായി ആലോചിക്കണം. സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സംവിധാനംകൂടി ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറിക്കും കരൾ, വൃക്ക തുടങ്ങിയ അവയവങ്ങൾ മാറ്റിവെയ്ക്കുന്നതുൾപ്പെടെയുള്ള ചികിത്സയ്ക്കും ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ ചികിത്സാ സഹായമായി നൽകിവരുന്നുണ്ട്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് അനുവദിച്ചുവരുന്ന പരമാവധി ചികിത്സാ സഹായമായ രണ്ട് ലക്ഷം രൂപയ്ക്ക് പുറമേ തുടർന്നും മരുന്നാവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽനിന്നും അനുവദിച്ചുവരുന്നുണ്ട്. ഇവർക്ക് സൗജന്യ ചികിത്സ നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്ക് പുറമേ, അവയവ ദാതാവിനുള്ള ചികിത്സയ്ക്ക് കാരുണ്യ ഫണ്ടിൽനിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ഒരു തുടർ ചികിത്സാ സഹായ പദ്ധതി അല്ലാത്തതിനാൽ ചികിത്സാ അവസാനം വരെ ധനസഹായം ലഭ്യമാക്കാൻ സാധിക്കുകയില്ല. ഇപ്പോൾ രണ്ട് കാരുണ്യ ലോട്ടറിയിൽനിന്നും കിട്ടുന്ന ലാഭം ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. എന്നാൽ പ്രസ്തുത ലോട്ടറികളിൽനിന്നുള്ള വരുമാനത്തേക്കാൾ ചികിത്സാച്ചെലവ് അധികരിച്ചിരിക്കുന്നതിനാൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുൾപ്പെടെ കൂടുതൽ തുടർചികിത്സാ സഹായം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കാരുണ്യ പദ്ധതിയുടെ പരിഷ്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly